## III. അറിയിപ്പ്

ശ്രീ. പി. സി. ജോർജിന് അയോഗ്യത കൽപ്പിച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ.....ഓർഡർ......ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. തോമസ് ഉണ്ണിയാടൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 191 (2) 10- ാം പട്ടിക ഖണ്ഡിക 2 1(a) പ്രകാരം ശ്രീ. പി. സി. ജോർജ് എം.എൽ.എ ആ സ്ഥാനത്തിന് അയോഗ്യനായി തീർന്നിരിക്കുന്നതായി കണ്ടെത്തിയതിനാൽ നിയമസഭയിൽ പൂഞ്ഞാർ അസംബ്ലി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന ശ്രീ. പി. സി ജോർജിന് നിയമസഭാംഗമായി തുടരുന്നതിന് 03-06-2015 മുതൽ അയോഗ്യത കൽപ്പിച്ച വിവരം 1986-ലെ കേരള നിയമസഭാംഗങ്ങൾ കൂറുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ അയോഗ്യത കൽപ്പിക്കുന്നതു സംബന്ധിച്ച ചട്ടങ്ങളിലെ 8-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടമനുസരിച്ച് ഞാൻ സഭയെ അറിയിക്കുന്നു.

..(ബഹളം).... ബഹുമാനപ്പെട്ട എ. കെ. ബാലൻ, ചെയർ പറയുന്നത് കേൾക്കണം. രാജിക്കത്ത് തന്നാൽ സ്വീകരിക്കണമെന്ന് നിർബന്ധമില്ല. സമാനസ്വഭാവമുള്ള സംഭവങ്ങൾ മറ്റു നിയമസഭകളിലും പാർലമെന്റിലും വന്നത്

ചെയർ പരിശോധിച്ചു. പാർലമെന്റിൽ ഇതുപോലെയുള്ള സംഭവമുണ്ടായിട്ടുണ്ട്. പണ്ഡിറ്റ്ജിയുടെ കാലത്ത് പാർലമെന്റിൽ അന്ന് ഒരു എം.പി.ക്ക് കൂറുമാറ്റ നിരോധനത്തിന്റെ ഫലമായി ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. അന്ന് രാജിക്കത്ത് നൽകിയിട്ട് സ്വീകരിക്കാതെ അയോഗ്യനായി കൽപ്പിക്കുകയാണ് ചെയ്തത്. ആ മാതൃക നമ്മുടെ മുമ്പിലുണ്ട്. സ്പീക്കറുടെ തീരുമാനത്തെ ചോദ്യം ചെയ്യുന്നത് ശരിയല്ല.